**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3805** **27-10-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറത്തെ സാന്ത്വന സ്പർശം അദാലത്തിൽ ലഭിച്ച അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മന്ത്രിമാരുടെ നേതൃത്വത്തിൽ 2021 ഫെബ്രുവരിയിൽ നടന്ന സാന്ത്വന സ്പർശം അദാലത്തിൽ മലപ്പുറം ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ കൈപ്പറ്റി; ഓൺലൈനായും ഓഫ്‌ലൈനായും ലഭിച്ച അപേക്ഷകളുടെ എണ്ണം താലൂക്ക് അടിസ്ഥാനത്തിൽ ഇനം തിരിച്ച് വെളിപ്പെടുത്തുമോ; | (എ) | (എ) സാന്ത്വന സ്പർശം അദാലത്തിൽ മലപ്പുറം ജില്ലയ്ക്ക് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ലഭിച്ച അപേക്ഷകളുടെ എണ്ണം താഴെ ചേർക്കുന്നു. താലൂക്ക് എണ്ണം തിരൂരങ്ങാടി 250 തിരൂർ 300 പൊന്നാനി 157 പെരിന്തൽമണ്ണ 282 നിലമ്പൂർ 136 കൊണ്ടോട്ടി 973 ഏറനാട് 324 ആകെ 2422 സാന്ത്വന സ്പർശം അദാലത്തിൽ മലപ്പുറം ജില്ലയിൽ ആകെ 11,302 സി.എം.ഒ. പരാതികളാണ് ലഭിച്ചിട്ടുള്ളത്. പൊന്നാനി താലൂക്ക് അദാലത്തിൽ ലഭിച്ച എല്ലാ പരാതികളും ഓൺലൈൻ അപ്ഡേഷൻ ചെയ്തിട്ടുള്ളതാണ്. കൊണ്ടോട്ടി താലൂക്ക് അദാലത്തിൽ 3135 പരാതികളും, നിലമ്പൂർ താലൂക്ക് അദാലത്തിൽ 3359 പരാതികളുമാണ് ഓഫ്ലൈനായി ലഭിച്ചിട്ടുള്ളത്. 4808 പരാതികളാണ് നിലവിൽ ഓൺലൈൻ പോർട്ടലിൽ ഉള്ളത്. |
| (ബി) | എത്ര അപേക്ഷകളിൽ ഇതുവരെ തീർപ്പ് കൽപ്പിച്ചു; അവയുടെ പുരോഗതി വെളിപ്പെടുത്തുമോ; ഓൺലൈൻ അപേക്ഷകൾ പോലും തീർപ്പാക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | (ബി) സാന്ത്വന സ്പർശം അദാലത്തിൽ മലപ്പുറം ജില്ലയിൽ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ലഭിച്ച അപേക്ഷകളിൽ 1830 അപേക്ഷകൾ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ഓൺലൈൻ പോർട്ടലിലുള്ള 4808 സി.എം.ഒ പരാതികളിൽ 4039 പരാതികൾ തീർപ്പാക്കിയിട്ടുള്ളതായി കാണുന്നു. കൊണ്ടോട്ടി താലൂക്കിൽ ഓഫ് ലൈനായി ലഭിച്ച 2259 പരാതികളും, നിലമ്പൂർ താലൂക്കിൽ ഓഫ് ലൈനായി ലഭിച്ച 2622 പരാതികളും തീർപ്പാക്കിയിട്ടുണ്ട്. ആകെ 8920 പരാതികൾ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ബാക്കി എല്ലാ പരാതികളിലും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പോർട്ടലിൽ പെൻഡിംഗ് പരാതികൾ '0' ആണ് കാണിക്കുന്നത്. |
| (സി) | എല്ലാം അപേക്ഷകളും തീർപ്പാക്കി എന്നത്തേക്ക് ധനസഹായം അനുവദിക്കുവാൻ കഴിയുമെന്ന് | (സി) | (സി) അടിയന്തിരമായി തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ